26764
15/12/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി. ഐഡ ഫ്രാൻസിസിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.3999/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,. 12.12.2017

---

പരാമർശം:-
1. സ.ഉ(സാധാ) നം.2909/2015/തസ്വഭവ തീയതി 23.09.2015.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.07.2017 ലെ ഇ 1/1904/2017/സി.ഇ/തസ്വഭവ നമ്പർ കത്ത്.
3. കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 10.11.2016 ലെ ജോലി-സ്വഭാവ സർട്ടിഫിക്കറ്റ്.

**<u>ഉത്തരവ്</u>**

ശ്രീമതി. ഐഡ ഫ്രാൻസിസ് പരാമർശം(1) ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൾ 26.09.2015 പൂർവ്വാഹനത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടിയാളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

ടിയാൾ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരാമർശം (3) പ്രകാരം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീമതി. ഐഡ ഫ്രാൻസിസിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 26.03.2016 പൂർവ്വാഹനത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.പി. ശ്രീജിത്ത്**

അണ്ടർ സെക്രട്ടറി

1. ശ്രീമതി. ഐഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ.